**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1316** **18-01-2021 - ൽ മറുപടിയ്ക്ക്**

**സ്കൂളുകളിലെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ഡി.കെ.മുരളി | | Prof. C. Raveendranath<br>(പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി) | |
| (എ) | ഹയർ സെക്കണ്ടറി സ്കൂളുകളിലെ ലബോറട്ടറികളും ലൈബ്രറികളും നവീകരിക്കുന്നതിന്റെ ഭാഗമായി GO(Rt)No.2939/2018/GEDN dtd 01/08/2018 ഉത്തരവ് പ്രകാരം ഉൾപ്പെട്ടിട്ടുള്ള 68 സ്കൂളുകളിൽ എത്രയെണ്ണത്തിന്റെ പ്രവൃത്തി പൂർത്തിയായെന്ന് അറിയിക്കാമോ; | (എ) | സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിലെ ലബോറട്ടറികളും, ലൈബ്രറികളും നവീകരിക്കുന്നതിനായി 68 സ്കൂളുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. എന്നാൽ, 2018-ലെ പ്രളയക്കെടുതിയുടെ പശ്ചാത്തല ത്തിൽ പദ്ധതിവിഹിതത്തിൽ 12 കോടി രൂപ കുറവു ചെയ്തതിനാൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത് 42 സ്കൂളുകളിലായി പരിമിതപ്പെടുത്തുകയു ണ്ടായി. ഇതിൽ ഒരു സ്കൂളിലെ പ്രവൃത്തി പൂർത്തിയാക്കുകയും ശേഷിക്കുന്ന 41 സ്കൂളുകളിലെ പ്രവൃത്തി പൂർത്തീകരണ ഘട്ടത്തിലുമാണ്. |
| (ബി) | അതിൽ ക്രമ നം. 20 ആയി ഉൾപ്പെടുത്തപ്പെട്ടിട്ടുള്ള വാമനപുരം നിയോജകമണ്ഡലത്തിലെ മിതൃമ്മല ഗവ.ബോയ്സ് ഹയർ സെക്കണ്ടറി സ്കൂളിലെ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണ്; വിശദവിവരങ്ങൾ നൽകാമോ; | (ബി) | പ്രളയക്കെടുതി കാരണം പദ്ധതി വിഹിതം കുറവ് വരുത്തിയശേഷമുള്ള 42 സ്കൂളുകളിൽ പ്രസ്തുത സ്കൂൾ ഉൾപ്പെട്ടിട്ടില്ല. |
| (സി) | പ്രസ്തുത ഉത്തരവ് പ്രകാരം ഉൾപ്പെട്ടിട്ടുള്ള സ്കൂളുകളിൽ ഏതെങ്കിലും സ്കൂളുകളെ പിന്നീട് ഒഴിവാക്കിയിട്ടുണ്ടോ; | (സി) | പദ്ധതി നടപ്പിലാക്കുവാൻ അടിസ്ഥാന സൗകര്യമില്ലാത്ത സ്കൂളുകളെ ഒഴിവാക്കിയിട്ടുണ്ട്. |
| (ഡി) | എങ്കിൽ കാരണം എന്താണ് ; വിശദമാക്കാമോ? | (ഡി) | പദ്ധതി നടപ്പിലാക്കുവാൻ അടിസ്ഥാന സൗകര്യമില്ലാത്ത സ്കൂളുകളെ ഒഴിവാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ